# ജില്ലാ സൂക്ഷ്മ സംരംഭക കൺസോർഷ്യം, ദ്വിദിന ശിൽപശാല

കുടുംബശ്രീ വിപണന രംഗത്ത് പാരമ്പര്യ വിപണികളിൽ നിന്ന് വ്യത്യസ്തമായി കുടുംബശ്രീ അവതരിപ്പിക്കുന്ന പദ്ധതിയാണ് 'കുടുംബശ്രീ ബസാർ' സൂക്ഷ്മ സംരംഭകർക്ക് ഒരു സ്ഥിരം വിപണന കേന്ദ്രം ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീ ബസാർ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നുള്ള സൂക്ഷ്മ സംരംഭകരെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചു. കൺസോർഷ്യം അംഗങ്ങൾക്ക് പദ്ധതിയെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കുന്നതിനായി ഒരു ദ്വിദിന ശിൽപശാല 2019 ജനുവരി 18,19 തീയതികളിൽ ശ്രീകാര്യം മരിയറാണി ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തുകയുണ്ടായി.



18/1/2019 വെള്ളിയാഴ്ച 10 മണിക്ക് ആരംഭിച്ച ശിൽപശാലയിൽ കുടുംബശ്രീ സ്റ്റേറ്റ് അസി. പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്), ശ്രീ. സാബു.ബി. സ്വാഗതം ആശംസിച്ചു. സ്വാഗത പ്രസംഗത്തിൽ കുടുംബശ്രീ ബസാറിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും പ്രതിപാദിച്ചു. തുടർന്ന് കുടുംബശ്രീ സംസ്ഥാന മിഷനെ പ്രതിനിധീകരിച്ചുകൊണ്ട് കുടുംബശ്രീ ബസാർ പദ്ധതിയെക്കുറിച്ച് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (ലൈവ്ലി ഹുഡ്) ശ്രീ. അജിത് ചാക്കോ ആമുഖ പ്രഭാഷണം നടത്തി. കുടുംബശ്രീ ബസാറിന്റെ പ്രധാന്യം അതിലൂടെ കുടുംബശ്രീ സംരംഭകർക്ക് ലഭ്യമാക്കുന്ന നേട്ടങ്ങൾ എന്നിവ ഈ സെക്ഷനിൽ ചർച്ച ചെയ്യുകയുണ്ടായി. കുടുംബശ്രീ കൺസോർഷ്യം മെമ്പേഴ്സിനുള്ള മൊട്ടിവേഷൻ സെക്ഷനായിരുന്നു തുടർന്ന് നടന്നത്. പ്രോജക്ട്

മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രതിനിധികളാണ് ഈ സെക്ഷൻ കൈകാര്യം ചെയ്തത്. സംരംഭകർക്കുവേണ്ടിയുള്ള മോട്ടിവേഷൻ സെഷൻ നടന്ന അതേ സമയം തന്നെ സംസ്ഥാന മിഷന്റെ കുടുംബശ്രീ ബസാർ ജില്ലാ തല റിവ്യൂ നടത്തുകയുണ്ടായി. റിവ്യൂവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകൾ നേരിടുന്ന വെല്ലുവിളികൾ അവയുടെ പരിഹാര മാർഗ്ഗങ്ങൾ എന്നിവ ചർച്ച ചെയ്തു. തുടർന്ന് വ്യവസായ മേഖലയിൽ വൈദഗ്ദ്ധ്യം തെളിയിച്ച ശ്രീ. എബി മാത്യൂ റീട്ടെയൽ മാർക്കറ്റിംഗിനെക്കുറിച്ച് സംസാരിച്ചു. ചർച്ചയിൽ ജില്ലാ പ്രോഗ്രാം മാനേജർമാരുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടാണ് സെഷൻ മുന്നോട്ടു പോയത്.

ഉച്ചക്ക് ശേഷം റീട്ടെയൽ സെയിൽസ്, സൂപ്പർ മാർക്കറ്റ് പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ നിയമപരമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, എന്നിവ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)–ലെ പ്രൊഫസറായ തോമസ്സ് മാത്യൂസ് വിശദീകരിച്ചു. സംരംഭകരുടെ സംശയനിവാരത്തിനു ശേഷം നാല് മണിയോടു കൂടി സെഷൻ പൂർത്തിയാക്കി. തുടർന്ന് സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനുഷ്യ വിഭവങ്ങൾ ശേഖരിക്കുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ ശ്രീ. എബി മാത്യൂ വിശദീകരിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികിഷോർ ഐഎഎസ്. ശിൽപശാലയിൽ പങ്കുചേരുകയും സംരംഭകരുമായി സംവദിക്കുകയും ചെയ്തു. കുടുംബശ്രീ ബസാർ പദ്ധതിയെ ഏതു രീതിയിൽ സമീപിക്കണം, അതിൽ നിന്നും കുടുംബശ്രീ സംരംഭകർക്ക് ലാഭമുണ്ടാക്കാൻ കഴിയണം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം പ്രതിപാദിച്ചു. 6 മണിയോടു കൂടി ശിൽപശാലയുടെ ഒന്നാം ദിനം പൂർത്തിയായി.



രണ്ടാം ദിനം (19/1/2019) ശനിയാഴ്ച രാവിലെ 9.30 ഓടു കൂടി സെഷനുകൾ ആരംഭിച്ചു. ശ്രീ. എബി മാത്യൂ സെഷൻ കൈകാര്യം ചെയ്തു. കുടുംബശ്രീ ബസാറിലേയ്ക്കുള്ള സപ്ലൈ ചെയിൻ മാനേജ്മെന്റ് എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സെഷനിൽ ചർച്ച നടന്നത്. കുടുംബശ്രീ ബസാറിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും അതിവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെയ്യേണ്ട പ്രവർത്തനങ്ങളും വിശദീകരിച്ചുകൊണ്ട് സെഷൻ അവസാനിപ്പിച്ചു. തുടർന്ന് കുടുംബശ്രീ അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്) ശ്രീ. ജിബി മാത്യൂ ഫിലിപ്പ് സംരംഭകരുമായി ആശയ സംവാദം നടത്തി. കുടുംബശ്രീ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ് ഈ സെഷനിൽ ചർച്ചയായത്. സംരംഭകരുടെ പ്രശ്നങ്ങൾക്ക് കുടുംബശ്രീയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് ഏതു രീതിയിൽ പരിഹാരം കാണാമെന്ന് ഈ സെഷനിൽ ചർച്ച ചെയ്തു. ഉച്ചഭക്ഷണത്തിനു ശേഷം സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ മാർക്കറ്റിംഗ് ടീം കുടുംബശ്രീ ബസാറുമായി മുന്നോട്ടുപോകേണ്ടതിന് കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്തു. നിലവിലുള്ള മാർഗ്ഗനിർദ്ദേശം, നായമപരമായ കർമ്മ പദ്ധതി എന്നിവയിൽ മാറ്റം വരുത്തുന്നതിനുള്ള ചർച്ചകൾ നടന്നു. 4 മണിയോടു കൂടി സെഷൻ അവസാനിപ്പിക്കുകയും തുടർന്ന് കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്) പവിത രണ്ടു ദിവസമായി നടന്ന ശിൽപശാലയ്ക്ക് ഔദ്യോഗികമായി കൃതജ്ഞത രേഖപ്പെടുത്തികൊണ്ട് ശിൽപശാല അവസാനിപ്പിച്ചു.